70

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 OCTOBER 2024

## വ്യവസായ സൗഹൃദ സൂചികയിൽ ഇന്ത്യയിൽ ടോപ് അച്ചീവർ സ്ഥാനം

### സന്തോഷം പങ്കുവച്ച് നിയമസഭ സാമാജികരുടെ യോഗം




വ്യവസായ സൗഹൃദ സൂചികയിൽ ഇന്ത്യയിൽ ടോപ് അച്ചീവർ സ്ഥാനം കരസ്ഥമാക്കിയ കേരളത്തിന്റെ നേട്ടത്തിന്റെ ഭാഗമായി ഒരുക്കിയ യോഗത്തിന്റെ ഉദ്ഘാടനം ബഹു. കേരള നിയമസഭ സ്പീക്കർ ശ്രീ. എ.എൻ. ഷംസീർ നിർവഹിച്ചു. വ്യവസായ സൗഹൃദമല്ല ഈ നാടെന്ന പ്രചരണങ്ങളെയാകെ തകർത്തുകൊണ്ടാണ് ഈ വർഷം കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാനിന് കീഴിലുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ നമ്മുടെ സംസ്ഥാനം ഒന്നാം സ്ഥാനം കരസ്ഥമാക്കിയതെന്ന് ബഹു. സ്പീക്കർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

2024 ഒക്ടോബർ ചൊവ്വ 8 ന് കേരള നിയമസഭ മന്ദിരം, ആർ. ശങ്കര നാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ നടന്ന യോഗത്തിൽ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അധ്യക്ഷത വഹിച്ചു. 2016ൽ കേരളം ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ 28ആം റാങ്കിലായിരുന്നു, അന്ന് നമുക്ക് പിന്നിൽ ആരുമുണ്ടായിരുന്നില്ല. ഇന്ന് കേരളം ഒന്നാം സ്ഥാനത്താണ്, പിന്നിലൊരുപാട് പേരുണ്ട് പക്ഷേ മുന്നിലാരുമില്ല. കേരളത്തിലെ വ്യവസായ മേഖലയിലെ യാഥാർത്ഥ്യം എന്തെന്ന് മനസിലാക്കാനും സംസ്ഥാനത്തിന്റെ  വ്യവസായ, വികസന കാഴ്ചപ്പാടുകളുടെ നേട്ടം ഉയർത്തിക്കാട്ടനും കൂടി കേരളത്തിന്റെ ഈ കുതിപ്പ് സഹായിക്കുമെന്ന് ബഹു. മന്ത്രി അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

ബഹു. റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ, ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. ക്യഷ്ണൻകുട്ടി, ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ, ബഹു. രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ബഹു. പട്ടികജാതി, പട്ടിക വർഗ, പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. ഒ. ആർ. കേളു. ബഹു. സഹകരണം ദേവസ്വം തുറമുഖം വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ തുടങ്ങിയവരും നിയമസഭാ സാമാജികരും യോഗത്തിൽ സന്നിഹതരായിരുന്നു.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ കേരളം നടപ്പിലാക്കിയ പദ്ധതികൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. എ. പി. എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് വിശദീകരിച്ചു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ, ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് കൃതജ്ഞത പറഞ്ഞു.

## അഭിമാനമായി കെൽട്രോൺ;

### രാജ്യത്തെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉത്പാദനകേന്ദ്രം കണ്ണൂരിൽ



ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം 2024 ഒക്ടോബർ ഒന്നിന് കണ്ണൂരിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അധ്യക്ഷനായിരുന്നു. ഇതോടു കൂടെ സംസ്ഥാന വ്യവസായ വകുപ്പിനു കീഴിലുള്ള കല്യാശ്ശേരി കെൽട്രോൺ കോംപണന്റ് കോംപ്ലക്സിലെ പുതിയ പ്ലാന്റിൽ നിന്ന് ലോക നിലവാരത്തിലുള്ള സൂപ്പർ കപ്പാസിറ്ററുകൾ തദ്ദേശീയമായി നിർമ്മിച്ച് ഇന്ത്യൻ പ്രതിരോധമേഖലയ്ക്കും ഇലക്ട്രിക് വാഹനങ്ങൾക്കും ബഹിരാകാശ ദൗത്യങ്ങൾക്കുമുൾപ്പെടെ വിതരണം ചെയ്യാൻ സാധിക്കും. ഒരു ദിവസം 2000 സൂപ്പർ കപ്പാസിറ്ററുകൾ വരെ നിർമ്മിക്കാൻ പുതിയ പ്ലാന്റിന് സാധിക്കും.

ഏറ്റവും ഉയർന്ന ശേഷിയുള്ള കപ്പാസിറ്ററുകളായ സൂപ്പർ കപ്പാസിറ്റർ ബൈക്ക് മുതൽ ബഹിരാകാശ വാഹനങ്ങളിലടക്കം ഉപയോഗിക്കുന്ന ഘടകമാണ്. ബാറ്ററികളിലേതിനേക്കാൾ വളരെ പെട്ടെന്ന് ചാർജ് സ്വീകരിക്കാനും വിതരണം ചെയ്യാനും സൂപ്പർ കപ്പാസിറ്ററുകൾ വഴി സാധിക്കും. ദീർഘകാലത്തേക്ക് തകരാറില്ലാതെ പ്രവർത്തിക്കുന്ന സൂപ്പർ കപ്പാസിറ്ററുകൾ ഇലക്ട്രിക് വാഹനങ്ങൾ, ഓട്ടോമോട്ടീവ് യന്ത്രങ്ങൾ, ഇൻവേർട്ടറുകൾ, എനർജി മീറ്റർ തുടങ്ങി ഒട്ടേറെ ഉപകരണങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്ന ഒരു ഉൽപ്പന്നമാണ്.

രാജ്യത്തിന്റെ പ്രതിരോധ മേഖലയിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന കെൽട്രോണിനൊപ്പം ഐ എസ് ആർ ഒ, ഡി ആർ ഡി ഒ, സി എം ഇ ടി എന്നീ സ്ഥാപനങ്ങളും സഹകരിക്കുന്നുണ്ട്. ഐ എസ് ആർ ഒ യുടെ സാങ്കേതിക സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 42 കോടി രൂപ മുതൽമുടക്കുള്ള പദ്ധതിയുടെ ആദ്യഘട്ടം 18 കോടി രൂപ ചെലവഴിച്ചാണ് പൂർത്തിയാക്കിയത്. ഐ എസ് ആർ ഒ യുടെ സാങ്കേതിക സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നാലു കോടി രൂപ ചെലവിൽ നിർമ്മിച്ച ഡ്രൈറൂമുകളും വിദേശത്തു നിന്നും ഇറക്കുമതി ചെയ്തവയുൾപ്പെടെ 11-ൽ പരം മെഷിനറികളും ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്നു. നാലാം വർഷത്തോടെ 22 കോടി രൂപയുടെ വാർഷിക വിറ്റുവരവും മൂന്ന് കോടി രൂപയുടെ വാർഷിക ലാഭവും പ്രതീക്ഷിക്കുന്നു. 2000 സൂപ്പർകപ്പാസിറ്ററുകളായിരിക്കും പ്രതിദിന ഉൽപാദന ശേഷി. ഇതോടെ ലോകനിലവാരമുള്ള ഇലക്ട്രോണിക്സ് ഘടകങ്ങളുടെ ഉത്പാദകരായി കെൽട്രോൺ മാറി.

### സംരംഭകർക്ക് പ്രവർത്തന സൗകര്യമൊരുക്കി

# മട്ടന്നൂർ കിൻഫ്രാ പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി



സൂക്ഷ്മ ചെറുകിട സംരഭകർക്കും ഐ.ടി ഇതര സംരംഭകർക്കും പ്രവർത്തന സൗകര്യമൊരുക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കണ്ണൂർ ജില്ലയിലെ മട്ടന്നൂർ കിൻഫ്രാ പാർക്കിൽ പ്രവർത്തബനം ആരംഭിച്ചു. കേരളത്തിലുള്ള വികസനത്തിന് ഭൂമി വിട്ടു നൽകാൻ താല്പര്യപ്പെടുന്നവരുടെ എണ്ണം വർധിച്ചെന്ന് പദ്ധതി ഉദ്ഘാടനം ചെയ്തു ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു.

ചെറുകിട സംരഭകരെയും, ഐ ടി, ഇതര സംരഭകർക്കും ആകർഷകമാകുന്ന നിലയ്ക്കുള്ള കെട്ടിടമാണ് മൂന്ന്നിലകളിലായി 48000 ചതുരശ്ര അടിയിൽ നിർമ്മിച്ചിരിക്കുന്നത്. ബിൽഡിംങ്ങിൽ വ്യവസായ സംരഭകർക്കുള്ള അടിസ്ഥാന സൌകര്യങ്ങളായ ലിഫ്റ്റുകൾ, ജനറേറ്റർ, അഗ്നിശമന രക്ഷാഉപകരണങ്ങൾ, 250.കെ വി ട്രാൻസ്ഫോമറുകൾ, ഓരോനിലയിലും പുരുഷൻമാർക്കും സ്ത്രീകൾക്കുമുള്ള പ്രത്യേകം ടോയലറ്റുകൾ മുതലായവ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിപുലമായ പാർക്കിങ്ങ് സൌകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

12 കോടി രൂപയാണ് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടത്തിന്റെ നിർമ്മാണത്തിനു ചിലവായിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിലെ 48000 ചതുരശ്ര അടിയിൽ 36000 ചതുരശ്ര അടിയാണ് സംരഭകർക്ക് അനുവദിച്ചു നൽകുക. അതിൽ 25800.ച.അടി ഇപ്പോൾ തന്നെ സംരഭകർക്കായി അനുവദിച്ചു കഴിഞ്ഞു. ബാക്കി വരുന്ന സ്ഥലം കൂടി സംരഭകർക്ക് അനുവദിക്കുന്നതോടു കൂടി ഏകദേശം 50 കോടി രൂപയുടെ നിക്ഷേപം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെട്ടിടം പൂർണ്ണ തോതിൽ പ്രവർത്തനം സജ്ജമാകുമ്പോൾ ചുരുങ്ങിയത് 500 പേർക്കെങ്കിലും തൊഴിലവസരം സൃഷ്ടിക്കപ്പെടും. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം യാഥാർത്ഥ്യമാകുന്നതോടെ വ്യവസായിക മേഖലയിൽ വലിയ കുതിപ്പിനാണ് മട്ടന്നൂർ സാക്ഷ്യം വഹിക്കുന്നത്.

## കേരളത്തിൽ ഉയരുന്നത് 30 സ്വകാര്യ വ്യവസായ പാർക്കുകൾ

സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമി ലഭ്യതയുടെ ദൗർലഭ്യം നേരിടാനുള്ള നടപടികളുടെ ഭാഗമായാണ് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ സർക്കാർ തീരുമാനിച്ചത്. ഇപ്പോഴിതാ 30 സ്വകാര്യ വ്യവസായ പാർക്കുകളുടെ നിർമ്മാണം കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. ഇതിൽ അഞ്ചോളം സ്വകാര്യവ്യവസായ പാർക്കുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പാർക്കുകളുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ ചെറുതും വലുതുമായ നിരവധി നിക്ഷേപങ്ങൾ ഈ പാർക്കുകളിലേക്ക് കടന്നുവരുന്നതിന് സഹായകമാകും. 14 ജില്ലകളിലും സ്വകാര്യവ്യവസായ പാർക്കുകളുടെ പ്രവർത്തനം വളരെ വേഗത്തിൽ ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം - 2022 പദ്ധതിക്ക് കീഴിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള അനുമതി ലഭ്യമായാൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർക്ക് സർക്കാർ സഹായം ലഭിക്കും. ഈ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനായി ഒരു ഏക്കറിന് 30 ലക്ഷം രൂപ എന്ന നിരക്കിൽ പരമാവധി 3 കോടി രൂപ വരെ സർക്കാർ അനുവദിച്ചു നൽകും. സ്വകാര്യ മേഖലയിലും വ്യവസായ പാർക്കുകൾ സ്ഥാപിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥക്ക് പുത്തൻ ഉണർവ്വ് നൽകുന്നതിനും സംസ്ഥാനത്തിന്റെ വ്യവസായിക കുതിപ്പിന് ഇന്ധനം ഏകുന്നതിനും പദ്ധതിയിലൂടെ സാധിക്കും.




# മൂന്ന് ലക്ഷം കടന്ന് മുന്നേറി സംരംഭക വർഷം പദ്ധതി

മൂന്ന് ലക്ഷം സംരംഭങ്ങൾ കടന്ന് മുന്നേറുകയാണ് കേരളത്തിന്റെ സ്വന്തം സംരംഭകവർഷം പദ്ധതി. 2022 മാർച്ച് 30നാരംഭിച്ച് രണ്ടര വർഷം പൂർത്തിയാകുമ്പോൾ സംരംഭകവർഷം പദ്ധതിയിലൂടെ 3,00,000 സംരംഭങ്ങളെന്ന ചരിത്രനേട്ടം കേരളം കൈവരിച്ചിരിക്കുകയാണ്. എം എസ് എം ഇ മേഖലയിൽ ഇന്ത്യയിലെ തന്നെ ബെസ്റ്റ് പ്രാക്റ്റീസായി തെരഞ്ഞെടുക്കപ്പെട്ട സംരംഭക വർഷം പദ്ധതിയിലൂടെ നാളിതു വരെയായി കേരളത്തിൽ 3,00,227 സംരംഭങ്ങളും 6,38,322 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 19,446.26 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരികയും ചെയ്തു. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ രാജ്യത്തു തന്നെ ഒന്നാമതെത്തി നിൽക്കുന്ന കേരളത്തിന് അഭിമാനിക്കാൻ മറ്റൊരു പൊൻതൂവൽ കൂടി നമ്മൾ കൈവരിച്ചിരിക്കുന്നു. 93,000ത്തിലധികം വനിതാ സംരംഭകർ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലുണ്ടായി എന്നതും ശ്രദ്ധേയമാണ്.

കൃത്യമായ ആസൂത്രണവും ഉദ്യോസസ്ഥരുടെയും സംരംഭകരുടെയും ആത്മാർത്ഥ പരിശ്രമങ്ങളുമാണ് ഈ നേട്ടങ്ങൾ കൈക്കൊള്ളാൻ നമ്മുക്ക് സഹായകമായത്. എല്ലാ പഞ്ചായത്തുകളിലും സംരംഭങ്ങൾ ആരംഭിക്കാൻ സഹായിക്കാൻ എക്സിക്യുട്ടീവുകളെ (1153 പേരെ) നിയമിക്കുകയും ഹെൽപ് ഡെസ്കുകൾ (1034 എണ്ണം) ആരംഭിക്കുകയും ചെയ്തത് സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമായി. ഒപ്പം എം എസ് എം ഇ സംരംഭം ആരംഭിക്കുന്നതിന് 4% പലിശയ്ക്ക് 10 ലക്ഷം രൂപ വരെ വായ്പ നൽകിയതും സംരംഭകലോകത്തേക്ക് ആളുകളെ ആകർഷിച്ചു. കേരളത്തിലെ എംഎസ്എംഇകളിൽ നിന്നും തിരഞ്ഞെടുത്ത 1000 എം എസ്സ് എം ഇകളെ നാലു വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ ആരംഭിച്ച മിഷൻ 1000 പദ്ധതി മുന്നോട്ടുപോകുകയാണ്. ഒപ്പം സംസ്ഥാനത്തെ എംഎസ്എംഇകൾക്ക് അപകട സാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻവേണ്ടി എം എസ് എം ഇ ഇൻഷുറൻസ് പദ്ധതിയും വ്യവസായ വകുപ്പ് ആരംഭിച്ചു.

കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ഒരു ആഗോള ഗുണനിലവാരം കൊണ്ടു വരാനും അതു വഴി ഈ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും അന്താരാഷ്ട്ര വിപണിയിൽ ഉള്ള വിപണന സാധ്യത കൂട്ടുന്നതിനുമായി "കേരളാ ബ്രാന്റ്" പദ്ധതിയും ആരംഭിച്ചു. എല്ലാ ജില്ലകളിലും ആരംഭിച്ചിരിക്കുന്ന ടെക്നോളജി ക്ലിനിക്കുകൾ വഴിയാണ് സംരംഭകരുടെയും സംരംഭങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വ്യവസായ വകുപ്പ് ഇടപെടുന്നത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.